**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** **14-03-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളിൽ പി.ടി.എ. നിയമിച്ച പ്രീ പ്രൈമറി അദ്ധ്യാപകരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2012- ന ശേഷം സർക്കാർ സ്കൂളുകളിൽ പി.ടി.എ. നിയമിച്ച പ്രീ പ്രൈമറി അദ്ധ്യാപകർ പത്ത് വർഷത്തോളമായി വേതനം ഇല്ലാതെ ജോലി ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവർക്ക് വേതനം അനുവദിക്കുന്നതിന് മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് നയപരമായ ഒരു തീരുമാനം കൈക്കൊള്ളുമോ; | (ബി) | പ്രീ-പ്രൈമറി വിഭാഗത്തിന് ഒരു പൊതുനയം രൂപീകരിക്കണമെന്നും ടി വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹോണറേറിയം പുതുക്കി നൽകണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ യോഗ്യരായ അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഹോണറേറിയം നൽകുകയും ആയത് കാലാകാലങ്ങളിൽ വർദ്ധനവ് വരുത്തുകയും ചെയ്തു വരുന്നു. 07/12/2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കാൻ പാടില്ലെന്ന് 2012-ൽ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2012 ന് ശേഷവും ധാരാളം സർക്കാർ സ്കൂളുകളിൽ പി.റ്റി.എ.യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ആരംഭിക്കുകയും പി.റ്റി.എ. തന്നെ ടിയാളുകൾക്ക് ആനുകൂല്യവും നൽകി വരുന്നു. ഇത്തരം വിഭാഗങ്ങൾക്ക് സർക്കാർ ഹോണറേറിയം നൽകണമെന്ന് ആവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. നയരൂപീകരണത്തിന്റെ ഭാഗമായി സർക്കാർ രൂപീകരിച്ച കമ്മറ്റിയുടെ പരിഗണനാ വിഷയത്തിൽ മേൽ വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തുകയും, ടി കമ്മിറ്റി വിശദമായി പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ 2012 ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ തുടങ്ങിയ പ്രീ-പ്രൈമറി |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലെ ജീവനക്കാർക്ക് ഹോണറേറിയം നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്തിരുന്നു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും 2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാർക്ക് സർക്കാർ ഹോണറേറിയം നൽകേണ്ടതില്ലെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിർധനരായ ഇവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രീ-പ്രൈമറി വിഭാഗത്തിന് ഒരു പൊതുനയം രൂപീകരിക്കണമെന്നും ടി വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹോണറേറിയം പുതുക്കി നൽകണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ യോഗ്യരായ അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഹോണറേറിയം നൽകുകയും ആയത് കാലാകാലങ്ങളിൽ വർദ്ധനവ് വരുത്തുകയും ചെയ്തു വരുന്നു. 07/12/2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കാൻ പാടില്ലെന്ന് 2012-ൽ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2012 ന് ശേഷവും ധാരാളം സർക്കാർ സ്കൂളുകളിൽ പി.റ്റി.എ.യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ആരംഭിക്കുകയും പി.റ്റി.എ. തന്നെ ടിയാളുകൾക്ക് ആനുകൂല്യവും നൽകി വരുന്നു. ഇത്തരം വിഭാഗങ്ങൾക്ക് സർക്കാർ ഹോണറേറിയം നൽകണമെന്ന് ആവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. നയരൂപീകരണത്തിന്റെ ഭാഗമായി സർക്കാർ രൂപീകരിച്ച കമ്മറ്റിയുടെ പരിഗണനാ വിഷയത്തിൽ മേൽ വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തുകയും, ടി കമ്മിറ്റി വിശദമായി പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ 2012 ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ തുടങ്ങിയ പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാർക്ക് ഹോണറേറിയം നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്തിരുന്നു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും 2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാർക്ക് സർക്കാർ ഹോണറേറിയം നൽകേണ്ടതില്ലെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ലോക്ക് ഡൗൺ കാലത്ത് സ്വന്തം കയ്യിലുള്ള തുക | (ഡി) | പ്രീ-പ്രൈമറി വിഭാഗത്തിന് ഒരു പൊതുനയം |

| | | | |
|---|---|---|---|
| | ചെലവഴിച്ച് കുഞ്ഞുങ്ങൾക്ക് ഓൺലൈൻ ക്ലാസ്സുകൾ എടുത്ത ഇവരുടെ സേവനത്തെ വിലമതിച്ച് 2012 വരെ നിയമിതരായ പ്രീ പ്രൈമറി അദ്ധ്യാപകർക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ ഇവർക്കും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | രൂപീകരിക്കണമെന്നും ടി വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹോണറേറിയം പുതുക്കി നൽകണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ യോഗ്യരായ അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഹോണറേറിയം നൽകുകയും ആയത് കാലാകാലങ്ങളിൽ വർദ്ധനവ് വരുത്തുകയും ചെയ്തു വരുന്നു. 07/12/2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കാൻ പാടില്ലെന്ന് 2012-ൽ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2012 ന് ശേഷവും ധാരാളം സർക്കാർ സ്കൂളുകളിൽ പി.റ്റി.എ.യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ആരംഭിക്കുകയും പി.റ്റി.എ. തന്നെ ടിയാളുകൾക്ക് ആനുകൂല്യവും നൽകി വരുന്നു. ഇത്തരം വിഭാഗങ്ങൾക്ക് സർക്കാർ ഹോണറേറിയം നൽകണമെന്ന് ആവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. നയരൂപീകരണത്തിന്റെ ഭാഗമായി സർക്കാർ രൂപീകരിച്ച കമ്മറ്റിയുടെ പരിഗണനാ വിഷയത്തിൽ മേൽ വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തുകയും, ടി കമ്മിറ്റി വിശദമായി പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ 2012 ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ തുടങ്ങിയ പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാർക്ക് ഹോണറേറിയം നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്തിരുന്നു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും 2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാർക്ക് സർക്കാർ ഹോണറേറിയം നൽകേണ്ടതില്ലെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ